01/12/21..

16/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ CP No. 940(6)/2016/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.14749/എസ്.ഐ.സി-ജി 5/2016

സന്നിഹിതൻ

അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ആർ. ശശികുമാർ,
ശശിവിജയം,
റ്റി.സി. 30/426,
കല്ലുംമൂട്, ആനയറ പി.ഒ,
തിരുവനന്തപുരം – 695 029. } പരാതി ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   തിരുവിതാംകൂർ ദേവസ്വം ബോർഡ്,
   ദേവസ്വം കമ്മീഷണർ ഓഫീസ്,
   നന്ദൻകോട്, കവടിയാർ,
   തിരുവനന്തപുരം – 695 003.

2. അപ്പീൽഅധികാരി,
   ദേവസ്വം കമ്മീഷണർ ഓഫീസ്,
   തിരുവിതാംകൂർ ദേവസ്വം ബോർഡ്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03/10/2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/11/2016 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 10/11/2016 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 25/11/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/12/2016, 12/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 02/09/2021 |
| ഓഡിയോ ഹിയറിംഗ് തീയതി | 08/11/2021 |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ആർ. ശശികുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി ഒരു മാസം കഴിഞ്ഞും മറുപടി നൽകാതിരുന്നതിനാൽ രണ്ടാം എതിർകക്ഷിക്ക് അപ്പീൽ സമർപ്പിച്ചുവെന്നും അതിനുശേഷം മുൻ തീയതി രേഖപ്പെടുത്തി ഒന്നാം എതിർകക്ഷി ഒരു മറുപടി ലഭ്യമാക്കിയെന്നും ആയതിൽ ടിയാന്റെ ചോദ്യങ്ങൾക്ക് വ്യക്തവും ഉചിതവുമായ മറുപടി നൽകിയില്ലെന്നും ആയത് ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 03.10.2016 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ROC No. 4191/96/OAD ഫയലിൽ ഉള്ള അമ്പലപ്പുഴ ഗ്രൂപ്പ് അസി. ദേവസ്വം കമ്മീഷണർ ആഫീസിലെ 19.07.2003 ലെ 3048-ാം നമ്പർ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനും

2) ചുമതല തുകകൾ ക്ലിയർ ചെയ്ത് ഗ്രാറ്റുവിറ്റി തുക അനുവദിക്കുന്നത് സംബന്ധിച്ച് 19.08.2015, 07.12.2015 എന്നീ തീയതികളിൽ നേരിട്ടും, 16.03.2016 ൽ ബഹു.ദേവസ്വം ബോർഡ് സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷയുടെ പകർപ്പും ഹാജരാക്കി ഒരു വർഷം കഴിഞ്ഞ സാഹചര്യത്തിൽ 19.08.2015 ൽ സമർപ്പിച്ച അപേക്ഷയിൽ എന്ത് തീർപ്പ് കൽപിച്ചിട്ടുണ്ടെന്നും തീർപ്പ് ആയിട്ടില്ലെങ്കിൽ ഇത്രയും കാലത്തെ നടപടി വിവരം ലഭ്യമാക്കാനുമാണ്.

3. പരാതി ഹർജിക്കാരന്റെ 03.10.2016 ലെ അപേക്ഷയ്ക്ക് എതിർകക്ഷി 04.11.2016 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി ടിയാന് ലഭ്യമാകുന്നതിന് മുമ്പ് 10.11.2016 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ ആയതിന് മറുപടി ലഭ്യമായിട്ടില്ലാത്തതുമാണ്.

RIGHT TO INFORMATION

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 06.09.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനായി ടിയാന്റെ അപേക്ഷയുടെ പകർപ്പ് ബന്ധപ്പെട്ട സെക്ഷനിലേക്ക് കൈമാറിയിട്ടുള്ളതാണെന്നും തുടർന്ന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സെക്ഷനിൽ ലഭ്യമല്ലാതിരുന്നതിനാൽ ടി വിവരങ്ങൾ ലഭ്യമാക്കുവാൻ കഴിയുന്ന അമ്പലപ്പുഴ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകിയെന്നും പ്രസ്തുത വിവരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണെന്നും എന്നാൽ ടി അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ലെന്നു കാണിച്ചാണ് ടിയാൻ 10.11.2016 ൽ അപ്പീൽ സമർപ്പിച്ചതെന്നും 04.11.2016 ൽ മറുപടി നൽകിയിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ അപ്പീലപേക്ഷ നിരസിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നുമാണ്. 04.11.2010 ലെ ആർ.ഒ.സി. 57/10/ഒ.എ.ഡി കത്തിലെ നിർദ്ദേശ പ്രകാരം 23.11.2016 ൽ അമ്പലപ്പുഴ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസിൽ നിന്നും അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് നേരിട്ട് നൽകിയെന്നും വിവരം ഒന്നാം എതിർകക്ഷി ഓഫീസിൽ അറിയിക്കുകയും ചെയ്തിട്ടുള്ളതുമാണെന്നാണ് റപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ആകയാൽ പരാതിക്കാരന്റെ പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വാസ്തവ വിരുദ്ധമാണെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലാതിരുന്നിട്ടും ബന്ധപ്പെട്ട ഓഫീസിൽ നിന്നും ടിയാന് ലഭ്യമാക്കിയിട്ടുമുണ്ടെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും 06.09.2021 തീയതി വച്ച് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിലും പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതായി കാണുന്നു. എന്നാൽ ടി മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ പരാതി ഹർജി നൽകിയിരിക്കുന്നത്. 08.11.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന രേഖകളൊന്നും പരാതിക്കാരന് ലഭ്യമായിട്ടില്ലെന്നാണ് ടിയാന്റെ മൊഴിയിൽ പറയുന്നത്. ആയതിനാൽ 06.09.2021 ലെ റിപ്പോർട്ടിൽ പറയുന്ന 23.11.2016 ൽ അമ്പലപ്പുഴ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസിൽ നിന്നും നൽകിയെന്നു പറയുന്ന കത്തും അതോടൊപ്പം

ഉൾപ്പെടുത്തിയിരുന്ന 23.11.2016 ലെ നോട്ട് ഷീറ്റും ഈ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം രജിസ്റ്റേർഡ് പോസ്റ്റിൽ പരാതിക്കാരന് നൽകി വിവരം കമ്മീഷനിൽ അറിയിക്കേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 16–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm